(എ) കൊല്ലം ഡിവിഷനിലും അഡ്വർ ഡിവിഷനിലും പെട്ട ഇരവിപുരം—തയ്യൂർ റോഡ് സഞ്ചാരയോഗ്യമാക്കി കിട്ടണമെന്ന കാണിച്ച് പൊതുജനങ്ങളിൽനിന്നും എന്തെങ്കിലും പരാതികൾ ബഹുമാനപ്പെട്ട ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ ?

(ബി) പ്രസ്തുത റോഡിൽ കണ്ണനല്ലൂർ മാക്കറുമുതൽ കിഴക്കോട്ട് മുട്ടയ്ക്കാവുവരെയുള്ള ഭാഗം ശരിയാക്കുവാൻവേണ്ടി ബഡ്ജറ്റിൽ തുക തകാള്ളിച്ചിട്ടും ബഡ്ജറ്റ വർഷത്തിൻെറ പകുതി സമയം കഴിഞ്ഞിട്ടുപോലും ഇതുവരെ അതിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതു ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): ഉത്തരം തയാറായിട്ടില്ല.

TUBERCULOSIS HOSPITALS

*143 [57] **Sri. C. V. Iyyu:** Will the hon. Minister for Public Health be pleased to answer:

(*a*) the taluk-war free inpatients (general ward) in the tuberculosis hospitals at Mulakunnathukavoo and Nagercoil showing the figures of each hospital separately;

(*b*) the number of inpatients in the pay ward on taluk-war basis in each of the above hospitals showing figures separately ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): അതിൻെറ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വി. ഇയ്യു: അതെന്നത്തേക്കു പൂർത്തിയാകുമെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ഈ സഭ തീരുന്നതിനു മുമ്പുതന്നെ ഉത്തരം പറയാം.

TEACHERS RECRUITED FROM PRIVATE SCHOOLS

*144 [58] **Sri. N. P. Varghese:** Will the hon. Minister for Education be pleased to state:

(*a*) whether Government are in receipt of any representation from the Departmental teachers recruited from private schools that in fixing their rank, salary and pension, their private school service also should be considered;

(*b*) have Government made any decision in the matter that 50 % of their total private school service will be computed in fixing their rank, salary and pension; and

(*c*) have any steps been taken to implement the decision ?

Minister for Education and Revenue **(Sri. L. M. Pylee):** (a) Yes. Mainly regarding pension.

(*b*) No.

(*c*) Does not arise.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ കമ്മ്യൂട്ടേഷൻ ആലോചനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. തീരുമാനം എന്നത്തേക്കുണ്ടാകുമെന്നു പ്രതീക്ഷിക്കാം.

ശ്രീ. എൽ. എം. പൈലി: ആലോചനയിൽ ഇരിക്കുകയാണ്.

SALARIES OF PRIMARY SCHOOL TEACHERS

*145. [59] **Sri. N. P. Varghese:** Will the hon. Minister for Education be pleased to state.—

(*a*) the salary of a Departmental Primary School teacher;

LIBRARY ARCHIVES Kerala Legislative Assembly

(*b*) the starting pay of the Drill Master, Arabic Pandit, Drawing Master, and Music Teacher in the Middle School; and

(*c*) the salary of a peon?

Minister for Education and Revenue **(Sri. L. M. Pylee):**

(*a*) Rs. 25 Travancore area.
Rs. 30-50 Cochin area.

(*b*) DRILL MASTERS
Rs. 20 and (Rs. 25-35) Travancore area.
Rs. 30-60 Cochin area.
ARABIC PANDIT
Rs. 20-25 Travancore area.
Rs. 30-75 Cochin area.
DRAWING MASTERS
Rs. 20-25 and Rs. 25-45 Travancore area.
Rs. 30-60 Cochin area.
MUSIC TEACHER
Rs. 20-25 and Rs. 25-35 Travancore area.
Rs. 30-60 Cochin area.

(*c*) Rs. 20.

ശ്രീ. എൻ. പി. വറുഗീസ്: പ്രൈമറി സ്കൂൾ ടീച്ചേഴ്സിനെ കിട്ടുന്നതിൽ കുറഞ്ഞ ശമ്പളമാണ് മിഡിൽ സ്കൂൾ ടീച്ചേഴ്സിനെ കിട്ടിവരുന്നതെന്നു അറിയാമോ?

Sri. L. M. Pylee: Yes, I know that.

ശ്രീ. എൻ. പി. വറുഗീസ്: അതു് ഭേദപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഉണ്ടു്.

Sri. N. D. Jose: There is a difference between the salaries obtained in Cochin and Travancore. Does the Government propose to increase the salary of the Travancore teachers to the level of Cochin?

ശ്രീ. എൽ. എം. പൈലി: അതെങ്ങിനെയാണു് സമീകരിക്കേണ്ടതെന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര കാലമായി ഇങ്ങിനെ പഠിച്ചുവരുന്നു?

ശ്രീ. എൽ. എം. പൈലി: കുറെ നാളുകളായി.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്ര നാളായി എന്നു ഏകദേശം പറയാമോ?

ശ്രീ. എൽ. എം. പൈലി: ഇൻറിഗ്രേഷൻ കഴിഞ്ഞതിനു ശേഷംമുതൽ.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: കൊച്ചിയിലെ അദ്ധ്യാപകന്മാരെ ഇങ്ങോട്ടു മാറ്റിയാൽ അവർക്കു് അവിടത്തെ ശമ്പളം കൊടുക്കുമോ? ഇവിടത്തെ ശമ്പളം കൊടുക്കുമോ?

ശ്രീ. എൽ. എം. പൈലി: അവർക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം കൊടുക്കും.

ശ്രീ. സി. വി. ഇയ്യു: തിരുവിതാംകൂറിൽ ട്രെയിൻഡായ അദ്ധ്യാപകന്മാരെ കൊച്ചിയിൽ നിയമിച്ചാലും അവിടെനിന്നും അതുപോലുള്ളവരെ ഇവിടെ നിയമിച്ചാലും അവരുടെ ശമ്പളം ഇനിയും വ്യത്യസ്തമായ രീതിയിലാണു് കൊടുക്കുന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി: ആ വിധത്തിൽ ചില നിയമനങ്ങളുണ്ട്.

ശ്രീ. സി. വി. ഇയ്യു: അങ്ങനെ ഒരു ന്യൂനപക്ഷം നിയമനങ്ങൾ ഉണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അതിനു നോട്ടീസുവേണം.

[12 Noon]

ADJOURNMENT MOTION REGARDING EXPORT OF YARN BY ALAGAPPA CORPORATION

Mr. Speaker: Order. order. The time for questions has ended. Now we proceed to the Adjournment Motion.

ബഹു. മെമ്പർ മി. ജോസ് നോട്ടീസുതന്നിട്ടുള്ള അടിയന്തിരപ്രമേയത്തെ സംബന്ധിച്ചു ബഹു. മന്ത്രിയുടെ വിശദീകരണം സഭയെ അറിയിക്കാം എന്നു പറഞ്ഞിരുന്നല്ലോ. അതിനായി ഞാൻ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു.

Minister for Finance and Food **(Sri. K. M. Korah):** Sir, the main points in notice and statement of facts presented by the hon. Member, Sri. Jose are:

(1) More than 200 bales of cotton yarn of 60's counts have been allowed to be moved for free sale outside by the Alagappa Corporation Ltd., Madras while the weavers here are put to great difficulties for want of 60's count yarn at fair price.

(2) The price fixed by the Corporation for 40 bales of 60's yarn out of the above 200 bales is unconscionably high and that this is done to create an impression that 60's yarn is not saleable in the State owing to its high price so that the bales could be removed outside the State.

Let me inform the hon. Member and this House that the Alagappa Textiles has 298 bales of 60's in stock bearing May, June and July Textile marks. These bales have been lying with them for a long time. Since the last two months the Alagappa Textiles Ltd., and the Balarama Varma Textiles Ltd. have been producing 60's count yarn with the result that the rate of distribution of this count was raised to two bundles per loom as against half a bundle rate adopted for 20's and 40's yarn. Thus it is clear that there is surplus stock in the State.

Such being the state of affairs, it became imperative to afford relief to the company so that the company may not lose many lakhs of rupees. Hence on an application for permission to sell the accumulated stocks outside the State, the Bombay Textile Commissioner has been addressed for allowing the Corporation to export the stocks outside. No sanction has been received yet. At the same time let me make an offer to the Hon'ble Member. The Corporation is perfectly willing to sell the 202 bales of low priced yarn to the mover of the resolution or his nominee. I would also draw the attention of the House to the fact that the price of the 60's yarn may be still further reduced from October as a result of the steady fall of the price of foreign cotton. Hence would it not be inequitable if the Alagappa Textile Company is not allowed to export the unwanted yarn outside while the price of this yarn is falling every day? I assure the House that the State has been suffering from a glut for the last two months and that this would continue and that but for the persistent refusal of the weavers' and their Co-operative Societies in Neyyattinkara, Vilavancode and Trivandrum taluks to purchase the stock, the department would not have recommended the export of 60's yarn. I also assure the House that all possible steps will be taken to safeguard the interests of the weavers. With this assurance and the offer I made just a while ago, I hope the hon. Member will not press the motion.

Sri. N. D. Jose: While being very thankful to the Corporation for having made a generous offer to me or to my nominee, I would say that whether the

LIBRARY ARCHIVES Kerala Legislative Assembly